# കേരളസർവകലാശാല

നം.പി.ആർ.173/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരളസർവകലാശാല നാലാം സെമസ്റ്റർ എം.ബി.എ പരീക്ഷകൾക്ക് മൂന്ന് സബ്സെന്ററുകൾ അനുവദിച്ചു

കേരള സർവകലാശാല സെപ്റ്റംബർ 14 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ. (ഫുൾടൈം, യു.ഐ.എം/ ഈവനിംഗ്, റെഗുലർ, ട്രാവൽ ആന്റ് ടൂറിസം) പരീക്ഷകൾക്ക് കോഴിക്കോട്, തലശ്ശേരി, കോട്ടയം എന്നീ മൂന്ന് സബ് സെന്ററുകൾ കൂടി അനുവദിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതാൻ താൽപര്യമുള്ള വിദ്യാർഥികൾ അവരവരുടെ പ്രിൻസിപ്പാൾമാർക്ക് അപേക്ഷ നൽകേണ്ടതാണ്.

### ടൈംടേബിൾ

2020 സെപ്റ്റംബറിൽ നടത്തുന്ന നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും സെപ്റ്റംബർ 14 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ എം.എ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് പരീക്ഷയുടെ വൈവ സെപ്റ്റംബർ 14 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 സെപ്റ്റംബർ 22 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (റെഗുലർ/സപ്ലിമെന്ററി ആന്റ് മേഴ്സിചാൻസ്) (ഐ.ഡി) ഡിഗ്രി പരീക്ഷയുടേയും, സെപ്റ്റംബർ 23 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (റെഗുലർ/സപ്ലിമെന്ററി ആന്റ് മേഴ്സിചാൻസ്) (ഐ.ഡി) ഡിഗ്രി പരീക്ഷയുടേയും വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാകേന്ദ്രം

സെപ്റ്റംബർ 14 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ, 15 മുതൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ, 28 മുതൽ ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.എച്ച്.എം.സി.റ്റി പരീക്ഷകൾക്ക് എസ്.എൻ.ജി.എം കാറ്ററിംഗ് കോളേജ്, തുറവൂർ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ എസ്.എൻ കോളേജ്, ചേർത്തലയിൽ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ, ബി. എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം – 2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ.സംസ്കൃതം സ്പെഷ്യൽ (വേദാന്ത, വ്യാകരണ, സാഹിത്യ, ന്യായ, ജ്യോതിഷ), എം.എസ്.സി. ഫിസിക്സ് (റെഗുലർ/സപ്ലിമെന്ററി ആന്റ് മേഴ്സിചാൻസ്),എം.കോം (റെഗുലർ/സപ്ലിമെന്ററി ആന്റ് മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
09.09.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098